# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3164** **15.12.2015-ൽ മറുപടിക്ക്**

## അങ്കമാലി-മണ്ണുത്തി റോഡിൽ നാലുവരിപ്പാതാനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) ദേശീയ പാതാ 47 ൽ അങ്കമാലി-മണ്ണുത്തി റോഡിൽ നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സിഗ്നലുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ, സർവ്വീസ് റോഡുകൾ എന്നിവ പൂർത്തീകരിക്കാത്തത് മൂലം യാത്രക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിൽ, ചാലക്കുടി ഭാഗത്ത് അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ മൂലം നിരവധി ജീവനുകൾ നഷ്ടപ്പെട്ട സാഹചര്യം കണക്കിലെടുത്ത് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിക്കുന്നതിനും സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തര നിർദ്ദേശം നൽകുമോ; | (ബി) പ്രസ്തുത റോഡിൽ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. തൃശ്ശൂർ മുതൽ അങ്കമാലിവരെയുള്ള റോഡിൽ അപകടങ്ങൾ ഉണ്ടാകുന്നത് പ്രധാനമായും അമിതവേഗതയും അശ്രദ്ധമായി വണ്ടി ഓടിക്കുന്നതും കൊണ്ടാണെന്ന് ദേശീയപാതാ വികസന അതോറിറ്റി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾക്ക് പുറമെ കൂടുതൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് ട്രാൻസപോർട്ട് വകുപ്പിനോട് നിർദ്ദേശിക്കുന്നതാണ്. |
| (സി) സർവ്വീസ്റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി സൗത്ത്, മുരിങ്ങൂർ, കൊരട്ടി, തുടങ്ങിയ ജംഗ്ഷനുകളിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുവാൻ ആവശ്യമായ ഡ്രെയിനേജ് സൗകര്യം ഒരുക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) കൊരട്ടിയിൽ വെള്ളക്കെട്ടുള്ള ഭാഗത്ത് കൺസഷണയർ ഹ്യൂം പൈപ്പ് സ്ഥാപിക്കാൻ എത്തിയപ്പോൾ പൊതുജനങ്ങൾ തടസ്സപ്പെടുത്തുകയുണ്ടായി. ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടതുണ്ടെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചി- |

ട്ടുണ്ട്. മുരിങ്ങൂരിൽ കോൺക്രീറ്റ് ഓടയുടെ പണികൾ കൺസഷണയർ പൂർത്തീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും താഴന്ന പ്രദേശമായതിനാൽ പഞ്ചായത്ത് അധികാരികളെ കൂടെ ഉൾപ്പെടുത്തി ഒരു സ്ഥായിയായ പരിഹാരം കാണുന്നതിന് നിർദ്ദേശിക്കുന്നതാണ്. ചാലക്കുടി തെക്ക് ഭാഗത്ത് വെഹിക്കുലർ അണ്ടർപ്പാസ് നിർമ്മിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. ഈ ഭാഗത്ത് അണ്ടർപാസ് നിർമ്മാണം പൂർത്തിയാകുന്നതോടെ വെള്ളക്കെട്ട് സ്ഥിരമായി പരിഹരിക്കാൻ കഴിയുമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ